# പതിമൂന്നാം കേരള നിയമസഭ
# ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.147** | **14.12.2012-ൽ മറുപടിക്ക്**

## കോക്കനട്ട് ബയോ പാർക്കുകൾ

**ചോദ്യം**

ശ്രീ.പി.ബി.അബ്ദുൾ റസാക്

**മറുപടി**

**ശ്രീ.കെ.പി.മോഹനൻ**

(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച മൂന്നു കോക്കനട്ട് ബയോ പാർക്കുകൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

ബി) വടക്കൻ മേഖലയിലെ ബയോപാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് എവിടെയാണെന്ന് വ്യക്തമാക്കാമോ;

സി) പ്രസ്തുത ബയോപാർക്ക് മഞ്ചേശ്വരത്ത് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

എ) ബി) & സി) 25/07/2012-ലെ മന്ത്രിസഭ യോഗത്തിലെ തീരുമാനമനുസരിച്ച് 28/07/2012-ലെ സ.ഉ. (എം.എസ്) 187/2012/കൃഷി പ്രകാരം, സംസ്ഥാനത്ത് കോക്കനട്ട് ബയോപാർക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച് കേരള കാർഷിക സർവ്വകലാശാല സമർപ്പിച്ച നിർദ്ദേശങ്ങൾ തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. 17/10/2012-ൽ ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 30/10/2012-ലെ ജി.ഒ.(ആർ.ടി) 2137/2012/കൃഷി പ്രകാരം കോക്കനട്ട് ബയോപാർക്ക് സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങൾ തെരഞ്ഞെടുക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി 04/12/2012-ൽ കൃഷി ഡയറക്ടറേറ്റിൽ യോഗം ചേരുകയും വിശദമായ ചർച്ചയ്ക്കു ശേഷം താഴെ പറയുന്ന സ്ഥലങ്ങൾ നിർദ്ദേശിക്കുകയുമുണ്ടായി.

1. സതേൺ റീജിയൺ - ജില്ല കൃഷിത്തോട്ടം, അഞ്ചൽ, കൊല്ലം ജില്ല.

2. സെൻട്രൽ റീജിയൺ - ജില്ല കൃഷിത്തോട്ടം, ചേലക്കര, തൃശ്ശൂർ ജില്ല.
3. നോർത്തേൺ റീജിയൺ - ആറളം ഫാം, കണ്ണൂർ ജില്ല.

കോക്കനട്ട് ബയോപാർക്ക് സ്ഥാപിക്കുന്നതിന് മുന്നോടിയായി Memorandum of Association, Article of Association എന്നിവ സൂക്ഷ്മ പരിശോധന നടത്തി അനുമതിയ്ക്കായി ഫയൽ നിയമ വകുപ്പിലേയ്ക്ക് അയച്ചിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ